# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *563** **21.11.2019-ൽ മറുപടിയ്ക്ക്**

**പുതിയ കാലം പുതിയ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ .വി. അബ്ദുറഹിമാൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഉപരിതല ഗതാഗതമേഖലയ്ക്ക് ഊർജ്ജം പകരുന്ന തരത്തിൽ 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ടാഗ് ലൈനോടുകൂടി വകുപ്പിന്റെ ചരിത്രത്തിലാദ്യമായി പൊതുമരാമത്ത് നയം രൂപീകരിച്ച് പ്രവർത്തിച്ചതുമൂലമുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) "പുതിയ കാലം പുതിയ നിർമ്മാണം" നയത്തിന്റെ ഭാഗമായുള്ള പ്രവർത്തനത്തിൽ പൊതുമരാമത്ത് വകുപ്പിൽ കാര്യക്ഷമത, ഗുണമേന്മ, സുതാര്യത, അഴിമതി ഇല്ലായ്മ, ആധുനികത എന്നിവ ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ദീർഘകാലം ഈടുനിൽക്കുന്ന റോഡ് നിർമ്മാണ രീതികൾ വകുപ്പിൽ അവലംബിച്ച് വരുന്നു. ആയത് വഴി വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാര്യമായ മാറ്റവും ഗുണനിലവാരവും ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ അഴിമതി നിർമ്മാർജനം ചെയ്യുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവ റോഡു പുനർനിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ച് പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ നിർമ്മാണ പ്രവൃത്തികൾ വകുപ്പിൽ നടപ്പിലാക്കുന്നുണ്ട്. |

ആധുനിക നിർമ്മാണ രീതിയിൽ പ്രാപ്തരാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് ആവശ്യമായ ശില്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

**(ബി)** റോഡു നിർമ്മാണത്തിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ജർമ്മൻ നിർമ്മിത യന്ത്രങ്ങളുടെ സഹായത്തോടുകൂടി 'കോൾഡ് ഇൻസൈറ്റ് റീസൈക്ലിംഗ് സാങ്കേതിക വിദ്യ' ഉപയോഗിച്ച് നിർമ്മിച്ച റോഡിന്റെ പ്രത്യേകത, ഗുണമേന്മ എന്നിവ പരിശോധിച്ചിട്ടുണ്ടോ; എവിടെയെല്ലാമാണ് ഇത്തരത്തിലുള്ള റോഡ് നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ നിലവിലുള്ള പേവ്മെന്റിൽ സിമന്റും ഇറക്കുമതിചെയ്ത പ്രത്യേകതരം പൾവറൈസറും നിശ്ചിത അനുപാതത്തിൽ ചേർത്ത് ജർമൻ യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് നിലവിലുള്ള റോഡ് 30 സെ.മി. ആഴത്തിൽ വെട്ടിയെടുത്ത് കുഴിച്ച് അതെ ഭാഗത്തുതന്നെ ഇടുകയും വിവിധതരം റോളറുകൾ ഉപയോഗിച്ച് കോമ്പാക്ട് ചെയ്ത് റോഡ് നിർമ്മിക്കുന്ന രീതിയാണ് പ്രാവർത്തികമാക്കുന്നത്. ഏറ്റവും മുകളിലായി ബിറ്റുമിനസ് കോൺക്രീറ്റിന്റെ ഒരു ലെയർ ചെയ്യുന്നതോടെ ഈ പ്രവൃത്തി പൂർത്തിയാകുന്നതാണ്. നിർമ്മാണ വസ്തുക്കളായ പാറ, മെറ്റൽ എന്നിവയ്ക്ക് വൻതോതിലുള്ള ദൗർലഭ്യം നേരിടുകയും അവയുടെ ഖനനംമൂലം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ നിലവിലുള്ള വസ്തുക്കൾ റീ-സൈക്കിൾ ചെയ്ത് ഉപയോഗിക്കുന്ന രീതി അവലംബിക്കുന്നതുകൊണ്ട് പ്രകൃതി വിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കുവാൻ സാധിക്കും. ഇതിനു വേണ്ടി വരുന്ന നിർമമാണചെലവ് നിലവിലെ നിർമ്മാണ രീതിയെക്കാൾ 20 ശതമാനത്തോളം അധികമാണെങ്കിലും നിർമ്മാണ വസ്തുക്കളുടെ സേവിംഗ്സിൽ കൂടിയുണ്ടാകുന്ന സാമൂഹികമായ ലാഭം വളരെ വലുതാണ്. കൂടാതെ ഇത്തരം

സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെ റോഡിന്റെ ബെയ്സ്, സബ് ബെയ്സ് എന്നിവ പത്തു വർഷത്തിൽക്കൂടുതൽ നിലനിൽക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഒരു ദിവസം ഏകദേശം അര കിലോമീറ്ററോളം റോഡ് പൂർത്തിയാക്കാൻ ആകുമെന്നുള്ളതിനാൽ നിർമ്മാണ സമയത്തിലും വലിയതോതിലുള്ള ലാഭം ഉണ്ടാകുന്നതാണ്. അടൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ കിഫ്ബി പ്രവൃത്തിയായ ആനയടി - പഴകുളം - കുരമ്പാല- കീരുകുഴി -ചന്ദനപ്പള്ളി കൂടൽ റോഡ് 5.9 കി.മീ. ദൂരം പൈലറ്റ് പ്രോജക്ട് ആയി നൂതന ജർമൻ സാങ്കേതിക വിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണ്.

(സി) റോഡു നിർമ്മാണത്തിലെ മറ്റൊരു കാൽവെയ്പായ കയർ ജിയോടെക്സ്റ്റയിലും നാച്ചുറൽ റബ്ബർ മിക്സ് ബിറ്റുമിനും ഉപയോഗിച്ചുള്ള നിർമ്മാണം പാരിസ്ഥിതിക സൗഹൃദവും ഈടുനിൽപ്പുള്ളതുമാണോ; ഇത്തരത്തിലുള്ള റോഡുകൾ എവിടെയെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കയർ ജിയോടെക്സ്റ്റൈൽസും നാച്ചുറൽ റബ്ബർ ക്വാളിഫൈഡ് ബിറ്റുമിനും ഉപയോഗിച്ചുള്ള നിർമ്മാണം പരിസ്ഥിതി സൗഹൃദവും ഈടുനിൽപ്പുള്ളതുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരത്തു വിഭാഗത്തിന്റെ അധികാരപരിധിയിൽ 1840.371 കി.മീ. റോഡ് പ്രവൃത്തികൾ എൻ.ആർ.എം.ബി ഉപയോഗിച്ചും ആലപ്പുഴ, കോട്ടയം, കൊല്ലം, പാലക്കാട് എന്നീ ജില്ലകളിലായി 19.1 കി.മീ. റോഡ് പ്രവൃത്തികൾ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിച്ചും ചെയ്തിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ ഒരു സി.ആർ.എഫ്. പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ആ ഭൂപ്രദേശത്തെ കാലാവസ്ഥയ്ക്ക്

അനുയോജ്യമാണെന്ന് കണ്ടെത്തിയതി നാലാണ് ഇത്തരത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്.

| | | |
|---|---|---|
| (ഡി) | പരമ്പരാഗത കയർവ്യവസായ മേഖലയുടെയും റബ്ബർ കൃഷി മേഖലയുടെയും താല്പര്യം പരിഗണിച്ച് ഇത്തരം റോഡുകൾ കൂടുതൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) സ്വാഭാവിക റബ്ബർ, കയർ - ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിനായി ഗുണമേന്മയുള്ള കയർ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(സാധാ) നം. 872/2019/പൊ.മ.വ. തീയതി 12/07/2019 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ